# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1914 16.06.2014-ൽ മറുപടിയ്ക്ക്

**<u>നെല്ലിയാമ്പതിയിലെ കരുണ പ്ലാന്റേഷൻ പോക്കുവരവിനുള്ള അനുമതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>,, റ്റി . വി . രാജേഷ്<br>,, എം. ചന്ദ്രൻ<br>,, കെ. രാധാകൃഷ്ണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നെല്ലിയാമ്പതിയിലെ കരുണ പ്ലാന്റേഷൻ സ്വകാര്യ ഗ്രൂപ്പിന് പോക്കു വരവ് ചെയ്തു കൊടുക്കാൻ വനം വകുപ്പിൽ അനുമതിയായിട്ടുണ്ടോ; നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ എൻ.ഒ.സി.യുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | എ) നെല്ലിയാമ്പതിയിലെ കരുണാ പ്ലാന്റേഷന്റെ ഉടമസ്ഥതയിലുള്ള 314.4508 ഹെക്ടർ സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് തടസ്സമില്ലാ എന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്ത് നമ്പർ സി2-8521/12 തീയതി 28.04.2014 പ്രകാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചിറ്റൂർ അഡീഷണൽ തഹസിൽദാരെ അറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് ഇതുസഹിതം സമർപ്പിക്കുന്നു. |
| ബി) ഇവിടെ വനഭൂമിയും സർക്കാർ ഭൂമിയും ഉണ്ടെന്ന വനം വകുപ്പിന്റെ പഴയ നിലപാടിൽ ഇപ്പോൾ മാറ്റം വരുത്തിയതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ; | ബി) ഇതുമായി ബന്ധപ്പെട്ട കേസുകളിൽ ബഹു. ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് വിധി പ്രകാരമുള്ള ഉടമസ്ഥാവകാശം അംഗീകരിച്ചത്. |

| | |
|---|---|
| സി) കരുണാ പ്ലാന്റേഷന് ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ ഭൂമിയുണ്ടായിരുന്നു; ആയതിൽ പരിസ്ഥിതി ദുർബ്ബല പ്രദേശമായി വിജ്ഞാപനം ചെയ്ത ഭൂമി എത്ര; ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ; പ്രസ്തുത ഭൂമികളിലേതെങ്കിലും കേസ്സ് നിലവിലുണ്ടോ; | കോടതികളുടെ അന്തിമ വിധി പ്രകാരം കരുണാ പ്ലാന്റേഷന് ഇപ്രകാരം വിട്ടുകൊടുത്തിരുന്ന ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം, ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്ത ഭൂമി എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| 490 | 0.0945 |
| 492 | 150.0276 |
| 493 | 170.4232 |
| 494 | 19.6330 |
| ആകെ | 340.1783 |

പരിസ്ഥിതി ദുർബ്ബല പ്രദേശമായി വിജ്ഞാപനം ചെയ്തത് 492, 493 സർവ്വെ നമ്പരിൽപ്പെട്ട 5.5 ഹെക്ടർ ഭൂമിയാണ്.

ഇതിനെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്.

| | |
|---|---|
| ഡി) പോക്കുവരവ് അനുവദിക്കാനാവില്ലെന്ന മുൻ നിലപാടിൽ വനം വകുപ്പ് ഇപ്പോൾ മാറ്റം വരുത്തുന്നതിലേയ്ക്ക് ആരിൽ നിന്നെല്ലാം ശുപാർശകൾ നേടിയെടുക്കുകയുണ്ടായിട്ടുണ്ട്; വെളിപ്പെടുത്താമോ? | പോക്കുവരവ് അനുവദിക്കുവാൻ ആവില്ല എന്ന നിലപാട് വനം വകുപ്പ് എടുത്തിരുന്നില്ല. എന്നാൽ 23.07.2013-ൽ അഡീഷണൽ തഹസീൽദാർ ചിറ്റൂർ 492, 493, 494 സർവ്വെ നമ്പരുകളിൽ ഭൂമിക്ക് കരം സ്വീകരിക്കാവുന്നതാണോ എന്ന് ആരാഞ്ഞുകൊണ്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് അയച്ചിരുന്നു. ഈ കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമ ഉപദേശവും സർക്കാർ ജി.ഒ. (ആർ.റ്റി) നമ്പർ 04/2013/വനം തീയതി 02.01.2013 ഉത്തരവ് പ്രകാരം രൂപീകരിച്ച |

കോഴിക്കോട് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായ സ്പെഷ്യൽ ടീമിന്റെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടപടികൾ കൈക്കൊണ്ടത്.

സെക്ഷൻ ഓഫീസർ

LCS-1914
16/6/14

22

സി2-8521/12

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നെന്മാറ, പാലക്കാട് ജില്ല – 678 508.
ഫോൺ/ഫാക്സ് : 04923-243179, മൊബൈൽ : 9447979062,
ഇ-മെയിൽ : dfo-nenmara@forest.kerala.gov.in

തിയതി : 28-4-2014.

പ്രേഷിതൻ
രാജു. കെ. ഫ്രാൻസിസ്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

സ്വീകർത്താവ്
അഡീഷണൽ തഹസിൽദാർ,
ചിറ്റൂർ.

സർ,

വിഷയം:- ചിറ്റൂർ താലൂക്ക് നെല്ലിയാമ്പതി വില്ലേജ് റീ-സർവ്വെ നമ്പർ 2/3, 4, 5, 6 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലം പോക്കുവരവ് ചെയ്യുന്നത് – സംബന്ധിച്ച്

സൂചന:-
1. താങ്കളുടെ കത്ത് നമ്പർ എച്ച്2-2013/10327/9/200 തിയതി 23-7-2013
2. സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 4/2013/വനം തിയതി 2-1-2013
3. ഈ ഓഫീസിലെ 31-7-2013 ലെ മേൽ നമ്പർ കത്ത്.

*********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം, വെങ്ങുനാട് കോവിലകം സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ ഭൂമിയിലെ ക്രമക്കേട് അന്വേഷിയ്ക്കുവാൻ രൂപീകരിക്കപ്പെട്ട സമിതി 21-3-2014 തിയതിയിൽ ബഹു. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ, ഒലവക്കോടിന്റെ ചേമ്പറിൽ, ബഹു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ റീജിയൺ, കോഴിക്കോടിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടി യോഗം വെങ്ങുനാട് കോവിലകം M/s കരുണാ പ്ലാന്റേഷന് പാട്ടത്തിന് (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) നൽകിയിരുന്ന ഭൂമി സംബന്ധിച്ചുള്ള രേഖകളും ഇത് സംബന്ധിച്ച് M/s കരുണാ പ്ലാന്റേഷൻ ഫയൽ ചെയ്തിരുന്ന ഒ. എ -യും അനുബന്ധ രേഖകളും ഇത് സംബന്ധിച്ച ബഹു. അഡ്വക്കേറ്റ് ജനറൽ , കേരള നൽകിയിട്ടുള്ള നിയമോപദേശവും, പാലക്കാട് ജില്ലാ സർവ്വെ സൂപ്രണ്ട് നൽകിയിട്ടുള്ള റിപ്പോർട്ടുകളും വിശദമായി പരിശോധിക്കുകയും, അയതിന്റെ വെളിച്ചത്തിൽ M/s കരുണാ പ്ലാന്റേഷന് സർവ്വെ നമ്പർ 490 ലോ, 494 ലോ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് ഉതകുന്നതായ രേഖകളൊന്നും നിലവിലില്ലെന്നും, ആയതിനാൽ ടി രണ്ട് സർവ്വെ നമ്പറുകളിലുൾപ്പെട്ട ഏതെങ്കിലും ഭൂമി ടി എസ്റ്റേറ്റ് ഉടമകൾ കൈവശം വച്ച്



GOVERNMENT OF KER/

u.s-1914
16/6/14

വരുന്നുണ്ടെങ്കിൽ ആയതിന് കരം തീർക്കുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും, ജില്ലാ സർവ്വെ സൂപ്രണ്ട് ഒരിക്കൽകൂടി ഫീൽഡ് പരിശോധന നടത്തി സർവ്വെ സ്കെച്ച് പ്രകാരം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വെ നമ്പർ 492, 493 എന്നിവയിൽപ്പെട്ട സ്ഥലങ്ങൾ അനുവദിയ്ക്കാവുന്നതാണെന്നും യോഗം തീരുമാനിയ്ക്കുകയുണ്ടായി.

ടി യോഗതീരുമാനത്തിന്റെ വെളിച്ചത്തിൽ പാലക്കാട് ജില്ലാ സർവ്വെ സൂപ്രണ്ട് സ്ഥലം പരിശോധിച്ച് ബഹു. ജില്ലാ ഗവൺമെന്റ് പ്ലീഡർ മുഖാന്തിരം 4-4-2014 ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം കരുണാ പ്ലാന്റേഷൻ (ഇപ്പോൾ Poab's Estate Pvt. Ltd.) പഴയ സർവ്വെ നമ്പർ 492, 493 എന്നിവയിൽ 319.9508 ഹെക്ടറും, സർവ്വെ നമ്പർ 494 ൽ 19.6330 ഹെക്ടറും സ്ഥലം കൈവശം വച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. സർവ്വെ നമ്പർ 492, 493 എന്നിവയിലായി Poab's Estate ന്റെ വടക്കേ അതിർത്തിയിൽ Wind Belt ആയി നിലകൊള്ളുന്ന 5.5 ഹെക്ടർ സ്ഥലം പരിസ്ഥിതി ദുർബല പ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ളതും ഇത് സംബന്ധിച്ച ബഹു. ഇ. എഫ്. എൽ ട്രിബ്യൂണലിൽ ഒ. എ.3/07 നമ്പർ കേസ് നിലനിൽക്കുന്നതുമാകുന്നു.

മേൽ സാഹചര്യത്തിൽ പഴയ സർവ്വെ നമ്പർ 492, 493 എന്നിവയിൽപ്പെട്ട 319.9508 ഹെക്ടർ സ്ഥലത്തിൽ നിന്നും ടി 5.5 ഹെക്ടർ സ്ഥലം ഒഴിവാക്കി ബാക്കി വരുന്ന 314.4508 ഹെക്ടർ സ്ഥലം Poab's Estate Pvt. Ltd. ന്റെ പേരിൽ കരം തീർക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഈ വിഷയത്തിൽ യോഗതീരുമാനം കൈക്കൊണ്ടിട്ടുള്ളതും ഇത്തരത്തിൽ അനുമതി നൽകുന്നത് ഈ ഓഫീസിൽ ഇത് സംബന്ധിച്ച് ലഭ്യമായിട്ടുള്ളതും, പരിശോധിക്കപ്പെട്ടിട്ടുള്ളതുമായ രേഖകളുടെ വെളിച്ചത്തിൽ മാത്രമാണ്. പിൽക്കാലത്ത് ഇതിന് വിരുദ്ധമായ ഏതെങ്കിലും രേഖകൾ ലഭിയ്ക്കുന്ന പക്ഷം, ഇപ്പോൾ എടുത്തിട്ടുള്ള നിലപാട് പുനഃപരിശോധിക്കപ്പെടുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

E:\Ajitha\C2\2012\C2-8521-12.doc

സെക്ഷൻ ഓഫീസർ